"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കാസറഗോഡ് ജില്ല - മഞ്ചേശ്വരം ബ്ലോക്കിൽ ഉൾപ്പെടുന്ന മീഞ്ച ഗ്രാമപഞ്ചായത്തിലെ ധർമ്മ നഗർ അട്ടക്കല കട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി - പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.166/2026/DMD    തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. 12/04/2023 ലെ സ. ഉ. (സാധാ) നം. 239/2023/ഡി.എം.ഡി.
2. കാസർഗോഡ് ജില്ലാകളക്ടറുടെ 21.05.2025 ലെ DCKSGD/391/2026-K3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്കിൽ ഉൾപ്പെടുന്ന മീഞ്ച ഗ്രാമപഞ്ചായത്തിലെ ധർമ്മ നഗർ അട്ടക്കല കട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ വാർഷിക പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടി വന്നതിനാലാണ് ഭരണാനുമതി ലഭിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലായെന്നും മേൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്കിൽ ഉൾപ്പെടുന്ന മീഞ്ച ഗ്രാമപഞ്ചായത്തിലെ ധർമ്മ നഗർ അട്ടക്കല കട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുകയിൽ നിന്നും പി.ഡബ്ല്യൂ.ഡി. വകുപ്പ് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയ ശേഷം

അന്തിമ ബിൽ തുക മാറി നൽകുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡീഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, കാസറഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം. DMB3/31/2026-DMD)

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 16-03-2026 10:21:40

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്